# വചന വിചിന്തനം

## ഒന്നാം ഞായർ

### ലൂക്കാ 4,14-30

***"നയപ്രഖ്യാപനം ജീവിതമാക്കിയവൻ മാനവസമൂഹത്തിന് മുമ്പിൽ ദനഹ (വെളിപ്പെടുത്തൽ) നടത്തുന്നു. അവന്റെ പേര് ക്രിസ്തു!"***

നേതാക്കൻമാർ എവിടെയൊക്കെയുണ്ടായിട്ടുണ്ടോ അവിടെയൊക്കെ നയങ്ങളുണ്ടായിട്ടുണ്ട്. രണ്ട് ലക്ഷത്തി അൻപതിനായിരത്തിൽപരം സമരക്കാരെ അഭിസംബോധന ചെയ്ത് മഹാനായ മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞു;

"എനിക്കൊരു സ്വപ്നമുണ്ട്. നാം നിരാശരാകരുത്. ഞാൻ ബുദ്ധിമുട്ടികളിലൂടെയും ക്ലേശങ്ങളിലൂടെയും സഹനങ്ങളിലൂടെയുമാണ് യാത്രചെയ്യുന്നതെങ്കിലും എനിക്കൊരു സ്വപ്നമുണ്ട്. നാം ഒരു രാഷ്ട്ര സംഹിതയിലേയ്ക്ക് ഉയർന്ന് വരും എന്നുള്ള സ്വപ്നം. കറുത്തവനെന്നോ വെളുത്തവനോ എന്നുള്ള വ്യത്യാസമില്ലാതെ ഒരു മേശയ്ക്ക് ചുറ്റും ഭക്ഷണത്തിനിരിക്കുന്ന സുന്ദരമായ സ്വപ്നം!"

*ക്രിസ്തു തന്റെ പ്രവർത്തനശൈലിയും ജീവിത ലക്ഷ്യവും വ്യക്തമാക്കുന്നു. ലക്ഷ്യമുള്ളവന്റെ അദ്ധ്വാനിക്കാനുള്ള മനസും നേടിയെടുക്കാനുള്ള അഭിനിവേശവും ഉണ്ടായിരിക്കു. ലക്ഷ്യമില്ലാത്തവൻ ഒഴിക്കിനൊത്ത് നീങ്ങുന്ന പച്ചിലയായിരിക്കും...*

ഇത് കഴിഞ്ഞ നൂറ്റാണ്ടിൽ (1963) കറുത്ത വർഗ്ഗക്കാർക്കെതിരെ ഉണ്ടായിരുന്ന അസമത്തത്തെയും വിവേചനത്തത്തെയും എതിർത്തുകൊണ്ടുള്ള മാർട്ടിൻ ലൂഥറിന്റെ സ്വപ്നമായിരുന്നെങ്കിൽ, ലൂക്കാസുവിശേഷകൻ 4,14-30 വരെ വ്യാഖ്യാനിക്കുന്നത് ക്രിസ്തുവിന്റെ നയപ്രഖ്യാപനമാണ്.

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ച്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4, 18-19).

ഇതിന് മുമ്പോ പിമ്പോ ഇത്രയും മനോഹരമായി അർത്ഥപൂർണ്ണമായ നയപ്രഖ്യാപനം നടത്തിയിട്ടുള്ള ഒരു നേതാവുണ്ടായിട്ടില്ല. മനുഷ്യന്റെ ആന്തരീകവും, മാനസീകവും, ശാരീരികവും, ആത്മീയവുമായ സകല തലങ്ങളെയും ഉൾക്കൊള്ളുന്ന ഒരു നയപ്രഖ്യാപനം. ഈ നയപ്രഖ്യാപനം കേട്ടിട്ട് ഗുരുവിന്റെ പുറകെ അനുദാവനം ചെയ്തില്ലെങ്കിലേ അൽഭുതമുള്ളു.

ലക്ഷങ്ങളും കോടികളും മുടക്കി വലിയ ആരാധനാലയം കർത്താവിന് വേണ്ടി പണിതു. അനേകായിരങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് വെഞ്ചിരിപ്പും ആഘോഷമായി നടത്തി. ആരുടെയൊക്കെയോ കെടുകാര്യസ്ഥതമൂലം ദേവാലയത്തിൽ തീ പടർന്ന് കയറി. ദേവാലയത്തിലെ ഒരുവിധം വസ്തുക്കളെല്ലാം കത്തി നശിച്ചു. 'ഇനി എവിടെ ദൈവത്തെ ആരാധിക്കും? ഇനി എങ്ങനെ ക്രിസ്തു കാണിച്ച് തന്നതുപോലെ ജീവിക്കാൻ പറ്റും?' കാരണം, ഒരായുസിന്റെ മുഴുവൻ അദ്ധ്വാനങ്ങളുമാണ് തീയിൽ വെന്തെരിഞ്ഞത്. വചനഗ്രന്ഥത്തിന്റെ താളുകൾ വരെ എരിഞ്ഞടങ്ങിയിരിക്കുന്നു. ആളുകൾക്ക് വലിയ ആദിയായ്. ആകുലതകൾക്ക് അറുതി വരുത്തികൊണ്ട് കോണി ചുവട്ടിൽ നിന്ന് നരകളാൽ അലംകരനീയനായ വൃദ്ധനായ പുരോഹിതൻ പറഞ്ഞത്,

"നിങ്ങൾ എന്തിനാണ് ഇത്രമാത്രം ആകുലപ്പെടുന്നത്! ദൈവത്തെ കണ്ടെത്താനും ദൈവത്തെ ആരാധിക്കാനുമുള്ള മാർഗ്ഗങ്ങൾ ക്രിസ്തുതന്നെ കാണിച്ച് തന്നി

ട്ടുണ്ട്. അതും തേടി മറ്റെവിടെയും യാത്രചെയ്യേണ്ട." ഇത്രയും പറഞ്ഞുകൊണ്ട് എരിഞ്ഞ ടങ്ങിയ അഗ്നികുണ്ടത്തിൽ നിന്ന് മിച്ചംവന്ന വചനഗ്രന്ഥത്തിന്റെ ഒരു കഷണം തുണ്ടുപേ ഷറെടുത്തു. അതിൽ ഇപ്രകാരം കുറിച്ചിട്ടിരുന്നു;

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ച്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു"

എന്നിട്ട്, ഇപ്രകാരം കൂടി കൂട്ടിചേർത്തു; "കർത്താവിന്റെ ആത്മാവിനാൽ നയി ക്കപ്പെടുക. ദരിദ്രരെ മറക്കാതിരിക്കുക. വേദനിപ്പിക്കുന്നവരെ ആശ്വസിപ്പിക്കുക. പറു ദീസ, കർത്താവിന് സ്വീകാര്യമായ വത്സരം അനുഭവിക്കുക... പങ്കുവയ്ക്കുക..."

ഇത് ഒരു പക്ഷെ കഥമാത്രമാകാം. പക്ഷെ, ഇത് പങ്കുവയ്ക്കുന്ന അർത്ഥതല ങ്ങൾ വലുതാണ്. ഓരോ ക്രിസ്ത്യാനിയും മറ്റൊരു ക്രിസ്തുവായി ജീവിക്കാൻ വിളിക്ക പ്പെട്ടവനാണെങ്കിൽ, ഓരോ കത്തോലിക്കന്റെയും ജീവിത നിയോഗം ഇതുതന്നെയാണ്. ക്രിസ്തു ജീവിച്ചതുപോലെ ഈ നയപ്രഖ്യാപനം തന്നെയാണ് ഓരോ ക്രിസ്ത്യാനിയും ജീവിച്ച് തീർക്കേണ്ടത്. ഈ നയപ്രഖ്യാപനം ക്രിസ്തു ജീവിച്ചതുപോലെ നാം ജീവിച്ച് തീർക്കാൻ അടിസ്ഥാനപരമായി നമ്മിൽ ഉണ്ടായിരിക്കേണ്ടത് ക്രിസ്തുവിനെപ്പോലെ 'ആത്മാ വിന്റെ ശക്തിയോട് കൂടി നയിക്കപ്പെടുക' എന്നതാണ്. വചനം സാക്ഷ്യപ്പെടുത്തുന്നു, "യേശു ആത്മാവിന്റെ ശക്തിയോടുകൂടി ഗലീലിയിലേയ്ക്ക് (മരുഭൂമിയിൽ നിന്ന്) മടങ്ങി പ്പോയി" (ലൂക്കാ 4,14). ക്രിസ്തു, പ്രലോഭകന്റെ പ്രലോഭനങ്ങളെ അതിജീവിച്ചതും വചനം പ്രഘോഷിക്കുവാൻ തന്റെ ജീവിതത്തെ വിട്ടുകൊടുത്തതും ആത്മാവിന്റെ ശക്തിയാലാ ണ്. ചുരുക്കത്തിൽ, ആത്മാവിന്റെ ശക്തി അവനിൽ പറന്നിറങ്ങിയപ്പോൾ ക്രിസ്തുവിൽ സംഭവിച്ച രണ്ട് മാറ്റങ്ങൾ

'ക്രിസ്തു' എന്ന പദത്തിനർത്ഥം 'അഭിഷിക്തൻ' എന്നാണ്. അഭിഷേകം ചെയ്യപ്പെട്ടവ നാണ് ക്രിസ്തു. പിതാവിന്റെ ഇഷ്ടങ്ങൾക്ക് വേണ്ടി. നാമും അഭിഷേകം ചെയ്യപ്പട്ടവരാണ്, "വചനം ശ്രവിക്കാനും, ശ്രവിച്ച വചനത്തിനനുസ രിച്ച് ജീവിക്കാനും'

1. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള വരം
2. വചനം ജീവിക്കാനുള്ള പ്രസംഗിക്കാനുള്ള അനുഗ്രഹം

നാം പ്രലോഭനങ്ങളെ അതിജീവിക്കുന്നില്ലെങ്കിലും വചനമനുസരിച്ച് ജീവിക്കു ന്നില്ലെങ്കിലും കുറ്റം പറയേണ്ടത് മറ്റുള്ളവരെയല്ല. മറിച്ച്, നമ്മളെ തന്നെയാണ്. കാരണം, ആത്മാവിന്റെ ശക്തി എന്നിൽ അനുഗ്രഹമായി പെയ്തിറങ്ങിയീട്ടില്ല.

"ക്രിസ്തു താൻ വളർന്ന സ്ഥലമായ നസ്രത്തിൽ വന്നു. **പതിവ്പോലെ** ഒരു സാബത്ത് ദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റ് നിന്നു..." (ലൂക്കാ 4,16). രണ്ട് ചിന്തകൾ ഈ വചനം നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. ഒന്ന്, ക്രിസ്തു നല്ല ഒരു മതാനുയായി ആയിരുന്നു. കാരണം, അവൻ കൃത്യമായി ദേവാ ലയത്തിൽ പോയിരുന്നു. രണ്ട്, വചനം വായിക്കാൻ ക്രിസ്തു ഏറെ ആവേശം കാണിച്ചി രുന്നു.

സാധാരണ പറയാറുള്ള ഒരു പ്രയോഗമുണ്ട്, "മത്തൻ കുത്തിയാൽ കുമ്പളം മുള ക്കില്ല" എന്ന്. ഇത് ഇവിടെ അച്ചട്ടായിരിക്കുന്നു. ദൈവത്തെ സ്വപ്നം കാണാൻ പഠിച്ചവ ന്റെയും ഉടുതുണിക്ക് മറുതുണിയില്ലാതെ ദൈവാലയത്തിൽ മാത്രം അന്തിയുറങ്ങിയവ ളുടെയും മകൻ ദേവാലയത്തിൽ പോയിയില്ലെങ്കിലേ അതിശയമുള്ളു! ദൈവത്തിന്റെ വചനത്തിന് വേണ്ടി കാതോർത്ത് കിടന്നവന്റെയും നിന്റെ വചനം എന്നിൽ പൂവണിയട്ടെ എന്നുപറഞ്ഞവളുടെയും മകൻ വചനം വായിക്കാൻ അസാധാരണമായ തീഷ്ണത കാണി ച്ചില്ലെങ്കിൽ അൽഭുതമാണത്!

ഇന്ന് നമ്മുടെ മക്കൾ പള്ളിയിൽ പോകുന്നില്ലെങ്കിൽ വചനം വായിക്കാൻ തീഷ്ണത കാണിക്കുന്നില്ലെങ്കിൽ, വചനം ഹൃദ്യസ്ഥമാക്കാൻ തീക്ഷ്ണത കാണിക്കുന്നില്ലെങ്കൽ നാം കുറ്റം പറയേണ്ടത് മറ്റുള്ളവരെയല്ല. അച്ചന്റെ പ്രസംഗം മോശമായതുകൊണ്ടല്ല മകൻ/മകൾ പള്ളിയിൽ പോകാത്തതും നേരം വൈകി പോകുന്നതും. കാരണം, 'മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.' കവിശകലം സത്യം തന്നെയാണ്,

"മുമ്പേ ഗമിക്കും ബഹുഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം..."

ക്രിസ്തു എന്തിന് വേണ്ടിയാണ് വിണ്ണിന്റെ സുഖസൗഭാഗ്യങ്ങൾ അവഗണിച്ച് മണ്ണിൽ അവതരിച്ചത്? ഇതിനുള്ള ഉത്തരമാണ് ലൂക്കാ 4, 18 - 19. ചുരുക്കത്തിൽ, അഞ്ച് കാര്യങ്ങൾക്ക് വേണ്ടിയാണ് ക്രിസ്തു അവതരിച്ചത്,

1. ദരിദ്രരെ സുവിശേഷമറിയിക്കാൻ
2. ബന്ധിതർക്ക് മോചനം നൽകാൻ
3. അന്ധർക്ക് കാഴ്ച്ച നൽകാൻ
4. അടിച്ചമർത്തപ്പെട്ടവർക്ക് സ്വതന്ത്ര്യം നൽകാൻ
5. കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ (ലൂക്കാ 4, 18 - 19).

"ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" ലൂക്കാ 4,21
ഞാൻ എന്ന് വചനം കേൾക്കുന്നുവോ, കേൾക്കുന്ന വചനത്തിനനുസരിച്ച് ജീവിക്കുന്നുവോ അന്നാണ് ക്രിസ്തു വിഭാവനം ചെയ്ത കർത്താവിന് സ്വീകാര്യമായ വത്സരം എന്നിൽ ആരംഭിക്കു...

**ദരിദ്രരെ സുവിശേഷമറിയിക്കാൻ**: ദാരിദ്രം പണമില്ലാത്ത അവസ്ഥമാത്രമല്ല. അത് ആന്തരീകമോ ബാഹ്യമോ ആകാം. അത് ആത്മാവിനെയോ മനസിനെയോ ഹൃദയത്തിനെയോ ശരീരത്തെയോ സ്പർശിക്കുന്ന എന്തുമാകാം. സ്നേഹം ലഭിക്കാത്ത അവസ്ഥയും, അവഗണിക്കപ്പെടുന്ന നന്മയും, മ്ലേഛമായ വസ്ത്രധാരണവുമെല്ലാം എന്തിന്റൊക്കെയോ ദാരിദ്രമാണെന്ന് തിരിച്ചറിയാൻ പഠിക്കണം.

**ബന്ധിതർക്ക് മോചനം**: ബന്ധനം കെട്ടപ്പെട്ട അവസ്ഥയാണ്. ചില തിന്മകളുടെ കെട്ടലുകൾ, ചില ചീത്ത കൂട്ടുകളുടെ ബന്ധനങ്ങൾ, മദ്യം മയക്കുമരുന്ന് തുടങ്ങിയവയുടെ ബന്ധനങ്ങൾ, ഈ ലോകവസ്തുക്കളെ ജഢികമായ ആഗ്രഹങ്ങൾക്ക് വേണ്ടി ദൈവവമായി കാണാനുള്ള വെമ്പൽ ഇതെല്ലാം ബന്ധനങ്ങളാണ്. ആത്മാവിന്റെ ശക്തിയുണ്ടെങ്കിൽ ഇവയെ തകർക്കാനാകും.

**അന്ധർക്ക് കാഴ്ച്ച നൽകാൻ**: കാഴ്ച്ച കണ്ണിന്റെ മാത്രം പ്രശ്നമല്ല, അത് മനസ്സിന്റെയും കൂടിയാണ്. കണ്ണില്ലാത്തവനും കാണുന്നുണ്ട് അകക്കണ്ണുകൊണ്ട്. കണ്ണുള്ളവനും കാണാതിരിക്കുന്നുണ്ട്. ഉള്ളിൽ വെളിച്ചമില്ലാത്തതുകൊണ്ട്. ഈ വെളിച്ചമുള്ളതുകൊണ്ടല്ലേ, വൈകല്യമുളളവരുടെ ഓട്ടമത്സരത്തിൽ വീണ് കിടന്നവനെയും എഴുന്നേൽപ്പിച്ചുകൊണ്ട് എല്ലാവരും ഒന്നുപോലെ ഒന്നാമതായി 'ഫിനിഷ്' ചെയ്തത്!

**അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം**: മരുന്നാവശ്യം മുറിവേറ്റവർക്കാണ്. സ്വതന്ത്രം അനുഭവമാകുന്നത് അടിച്ചമർത്തപ്പെടുന്നവർക്കാണ്. ഒപ്പം, സ്വതന്ത്ര്യം മനസ്സിന്റെ വികാരം കൂടിയാണ്. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ നിഴലിൽ ജീവിച്ചിരുന്നവർക്ക് വലിയ ആശ്വാസം ലഭിച്ചു അവന്റെ ജനനത്തിൽ.

**കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ**: കർത്താവിൻ സ്വീകാര്യമായ വത്സരം 'പറുദീസയാണ്.' അവിടേയ്ക്ക് ക്ഷണിക്കാനാണ് ക്രിസ്തു വന്നത്. അവന് സമ്മാനിച്ചതോ *കുരിശ്*. ക്രിസ്തുവിന്റെ നയപ്രഖ്യാപനം ജീവിക്കുന്നവർക്ക് ലോകം സമ്മാനിക്കുന്നതും ഇത് തന്നെയാണ്.

***"കുരിശാണ് രക്ഷ... കുരിശിലാണ് രക്ഷ... കുരിശേ നമിച്ചീടുന്നു..."***

..............................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931